94

# ഉണർവ്വ്

## അക്കാദമിക മാസ്റ്റർ പ്ലാൻ

## ഇരിങ്ങണ്ണൂർ എൽ.പി സ്കൂൾ

## 2025 - 26

## നാദാപുരം ഉപജില്ല

# അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| വിദ്യാലയത്തിന്റെ പേര് | : | ഇരിങ്ങണ്ണൂർ എൽ.പി.സ്ക്കൂൾ |
| വിലാസം | : | ഇരിങ്ങണ്ണൂർ(പി.ഒ) |
| | | തൂണേരി(വഴി) |
| | | കോഴിക്കോട് ജില്ല |
| | | 673505 പിൻ |
| സ്ക്കൂൾ കോഡ് | : | 16620 |
| വിദ്യാഭ്യാസ ഉപജില്ല | : | നാദാപുരം |
| വിദ്യാഭ്യാസ ജില്ല | : | വടകര |
| റവന്യൂ ജില്ല | : | കോഴിക്കോട് |
| ബി.ആർ.സി | : | തൂണേരി |
| സി.ആർ.സി | : | |
| ഗ്രാമപഞ്ചായത്ത് | : | എടച്ചേരി |
| ബ്ലോക്ക് പഞ്ചായത്ത് | : | തൂണേരി |
| ജില്ലാ പഞ്ചായത്ത് | : | കോഴിക്കോട് |
| നിയമസഭാ മണ്ഡലം | : | നാദാപുരം |
| ലോകസഭാമണ്ഡലം | : | വടകര |
| വില്ലേജ് | : | എടച്ചേരി |
| ഇ.മെയിൽ | : | iringannurlp2016@gmail.com |

# ആമുഖം

ഒരു നൂറ്റാണ്ടിലേറെക്കാലമായി ആയിരങ്ങൾക്ക് അക്ഷര വെളിച്ചം നൽകി ഇരിങ്ങണ്ണൂർ ഗ്രാമത്തിന്റെ വഴി വിളക്കായി മാറിയ ഇരിങ്ങണ്ണൂർ എൽ.പി സ്ക്കൂൾ ഇപ്പോൾ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുവാനായി മികവിന്റെ കേന്ദ്രമായി മാറ്റുവാനായി പൊതുജനങ്ങളിൽ നിന്നും രക്ഷിതാക്കളിൽ നിന്നും രക്ഷിതാക്കളിൽ നിന്നും സ്വീകരിച്ച തിരഞ്ഞെടുത്ത നിർദ്ദേശങ്ങളാണ് ഇതിലുള്ളത്. അടുത്ത രണ്ടു മൂന്നു വർഷത്തിനുള്ളിൽ അന്താരാഷ്ട്ര നിലവാരം എന്ന സ്വപ്നം യാഥാർത്ഥ്യമാക്കുവാൻ ഈ അക്കാദമിക മാസ്റ്റർ പ്ലാനിങ്ങിന് കഴിയും എന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നു. ഈ വിദ്യാലയത്തിന്റെ സമഗ്ര വികസനത്തിന് ചിറകുകൾ നൽകുവാൻ ഉതകുന്ന ശക്തി സ്രോതസ്സായി ഈ മാസ്റ്റർ പ്ലാൻ മാറുമെന്ന പ്രതീക്ഷയോടെ ഞങ്ങൾ ഇത് ഇവിടെ അവതരിപ്പിക്കുന്നു.

# ലക്ഷ്യങ്ങൾ

1. ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കി വിദ്യാലയത്തെ മികവിന്റെ കേന്ദ്രമാക്കുക.

2. മത നിരപേക്ഷ ജനാധിപത്യ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് ഗ്രാമീണ അന്തരീക്ഷത്തിൽ തികച്ചും സൗജന്യമായി വിദ്യാഭ്യാസം സമസ്ത ജനവിഭാഗങ്ങൾക്കും ഉറപ്പുവരുത്തുക.

3. ഓരോ കുട്ടിയെയും ഒരു യൂണിറ്റായി കണക്കാക്കി വിവിധ മേഖലകളിലുള്ള വികസനം കരികുലവും പാഠ്യപദ്ധതിയും വിഭാവനം ചെയ്ത പ്രകാരം ഏറ്റവും ഉയർന്ന തലത്തിൽ എത്തിക്കുക.

4. അക്കാദമിക് മികവിന് ഉപകരിക്കുന്ന വിധത്തിൽ ദീർഘകാല പരിപ്രേക്ഷ്യത്തോടെ പശ്ചാത്തല സൗകര്യം വർദ്ധിപ്പിക്കുക.

5. ഓരോ കുട്ടിയുടെയും സവിശേഷമായ കഴിവും പരിമിതികളും തിരിച്ചറിഞ്ഞ് മുഴുവൻ കുട്ടികളെയും പഠന മുന്നേറ്റത്തിന് തുല്ല്യമായ അവസരങ്ങൾ ഒരുക്കാൻ പ്രവർത്തനങ്ങൾ സൃഷ്ടിച്ച് മുന്നേറുവാൻ പ്രാപ്തമാക്കുക.

6. വിദ്യലയത്തിലെ മുഴുവൻ കുട്ടികളെയും മാനസികവും ബുദ്ധിപരവുമായ എല്ലാ കഴിവുകളെയും വികസിപ്പിച്ച് അക്കാദമിക് വളർച്ചയുണ്ടാക്കുക.

7. I മുതൽ IV ക്ലാസു വരെ ഓരോ ക്ലാസ് അടിസ്ഥാനത്തിലും വിഷയാടിസ്ഥാനത്തിലും പാഠ്യപദ്ധതിക്ക് അനുസൃതമായി നേടേണ്ട ശേഷികൾക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങളും അവ സമയ ബന്ധിതമായി നടപ്പാക്കാനുതകുന്ന പ്രവർത്തന കലണ്ടർ രൂപപ്പെടുത്തൽ.

# വിദ്യാലയ ലഘുചരിത്രം

എടച്ചേരി പഞ്ചായത്തിലെ ഇരിങ്ങണ്ണൂർ എന്ന ഗ്രാമത്തിലാണ് ഈ വിദ്യാലയം. ചരിത്രപരമായും ഐതീഹ്യപരവുമായ ഒരു നാടാണിത്. ചിരപുരാതനമായ ഇരിങ്ങണ്ണൂർ മഹാ ശിവക്ഷേത്രം ഇവിടെ സ്ഥിതി ചെയ്യുന്നു. രണ്ടു കണ്ണുകളോടു കൂടിയ ശിവന്റെ ഊരായതുകൊണ്ടാണ് ഇരിങ്ങണ്ണൂര് എന്ന് ഈ പ്രദേശത്തിന് പേര് ലഭിച്ചത് എന്ന് വിശ്വസിക്കപ്പെടുന്നു. മൈസൂർ സുൽത്താൻമാരായ ഹൈദരലിയുടെയും ടിപ്പുവിന്റെയും പടയോട്ടം ഇവിടെ നടന്നിട്ടുണ്ടെന്നും വിശ്വസിക്കപ്പെടുന്നു.

ഗ്രാമത്തിന്റെ മയ്യഴിപ്പുഴ സ്വച്ഛശീതളമാർന്ന അന്തരീക്ഷത്തിൽ ഈ ഗ്രാമത്തെ സസ്യശ്യാമളമാക്കി ഹരിതാഭമാക്കുന്നു.

മയ്യഴിപ്പുഴയുടെയും തീരത്തിന്റെയും ശതകാല സ്മരണകളാണ് ഇരിങ്ങണ്ണൂർ എൽ.പിയുടെ ചരിത്രത്തിലെ താളുകളിൽ ഏറെയും. ജില്ലയിലെ വടക്കേ അതിരിലുള്ള എടച്ചേരി ഗ്രാമപഞ്ചായത്തിലെ ഇരിങ്ങണ്ണൂർ ഗ്രാമം, വിദ്യ നേടുകയെന്നത് പാവപ്പെട്ടവന് വിദൂര സ്വപ്നമായിരുന്ന കാലം, കൃഷിപ്പണിയും പുഴമീൻ പിടുത്തവുമായിരുന്നു ഇവിടുത്തെ പ്രധാന തൊഴിൽ.

ഇന്ന് കോഴിക്കോട് കണ്ണൂർ ജില്ലകളെ കൂട്ടിയിണക്കുന്ന പെരിങ്ങത്തുർപ്പുഴയ്ക്ക് അന്ന് പാലം ഉണ്ടായിരുന്നില്ല. ചങ്ങാടം വഴിയായിരുന്നു അക്കരെയും ഇക്കരെയും എത്തിയിരുന്നത്. അങ്ങനെ പെരിങ്ങത്തുർ കടവ് സജീവമായിരുന്ന കാലം. കണക്ക് അറിയുന്നവർ കടവ് ലേലം വിളിച്ച് ലാഭം കൊയിതു ദൂരെ നിന്നു വന്നു പോകും. തങ്ങൾക്കായില്ലെങ്കിലും തങ്ങളുടെ തലമുറക്കെങ്കിലും 'അറിവ് 'നൽകണമെന്ന നാട്ടുകാരുടെ അടങ്ങാത്ത ആഗ്രമാണ് ഇരിങ്ങണ്ണൂർ എൽപിയുടെ ഉദയത്തിന് നിദാനമായത്.

കൈതേരിമഠത്തിൽ ഗോപാലൻ നമ്പ്യാർ പള്ളിക്കൂടത്തിന് സ്ഥലവും കെട്ടിടവും നൽകി. അദ്ദേഹം മാനേജരായി. അങ്ങനെ ഇരിങ്ങണ്ണൂരിൽ ഒരു അക്ഷരാലയം പിറന്നു. 1904 ൽ ആണ് നാട്ടുകാരുടെ കച്ചേരിപ്പറമ്പത്ത് സ്ക്കൂളിന് അംഗീകാരം കിട്ടിയത്.

1906 ൽ ഒന്നു മുതൽ എട്ടാം ക്ലാസുവരെയുള്ള വിദ്യാലയമായിരുന്നു. ഇരിങ്ങണ്ണൂർ ഹയർ എലിമെന്ററി സ്ക്കൂൾ എന്നായിരുന്നു അന്നത്തെ പേര്. ടി.എം കൃഷ്ണൻ നമ്പ്യാരായിരുന്നു ആദ്യത്തെ പ്രധാനാധ്യാപകൻ. പി. ശങ്കരൻ നായർ ആദ്യ വിദ്യാർത്ഥിയും അഞ്ച് അദ്ധ്യാപകരും രണ്ടു പെൺകുട്ടികളും മടക്കം 18 വിദ്യാർത്ഥികളുമാണ് ആദ്യ വർഷം ഉണ്ടായിരുന്നത്. 1964 ൽ ഉച്ചഭക്ഷണം തയ്യാറാക്കിയ അടുപ്പിൽ നിന്നും തീ പടർന്ന് സ്ക്കൂൾ കെട്ടിടം പൂർണ്ണമായും കത്തി നശിച്ച കഥയും ഈ വിദ്യാലയത്തിന് പറയാനുണ്ട്. എം.കെ.കെ നമ്പ്യാർ ആയിരുന്നു അന്നത്തെ മാനേജർ.

# വിദ്യാലയം മികവിന്റെ കേന്ദ്രം - കാഴ്ചപ്പാട്

1. ഒരു മനുഷ്യനെ പൂർണ്ണ മനുഷ്യനാക്കുന്നതെന്തോ അതാണ് 'വിദ്യാധനം' എന്ന ഗാന്ധിയൻ കാഴ്ചപ്പാടിനെയും വിദ്യാഭ്യാസം സാംസ്കാരിക പ്രവർത്തനമാണ്- സ്വാതന്ത്ര്യത്തിലേക്കുനയിക്കുന്ന പ്രവർത്തനം എന്ന പനലോ ഫ്രെയറുടെ സിദ്ധാന്തത്തേയും സാക്ഷാത്കരിക്കുന്ന ഇടമായി ഈ വിദ്യാലയത്തെ പുതുക്കിപ്പണിയുക.

2. പാഠം പാഠാനുബന്ധ പ്രവർത്തനങ്ങളിൽ സജീവ താൽപര്യത്തോടെ കുട്ടികൾ പങ്കെടുക്കുന്ന വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കൽ

3. കുട്ടികൾ അതത് ക്ലാസുകളിൽ നേടേണ്ട ശേഷികൾ ഉറപ്പാക്കി സർഗ്ഗപരവും അക്കാദമികവും കായികവുമായ കഴിവുകളെ ആവുന്ന വിധം പ്രോത്സാഹിപ്പിച്ച് ഭാഷയിൽ മികച്ച ആശയവിനിമയ ശേഷികളുമുള്ള ഒരു പുതിയ തലമുറയെ സൃഷ്ടിക്കൽ.

4. ശുചിത്വം, ദീനാനുകമ്പ തുടങ്ങിയ മൂല്യങ്ങളും മനോഭാവങ്ങളും രൂപപ്പെടുത്തുന്നതിനുള്ള സാഹചര്യം ഒരുക്കൽ.

5. പാർശ്വവത്ക്കരിക്കപ്പെട്ടവർക്ക് പ്രത്യേക പരിഗണയും പങ്കാളിത്തവും ഉറപ്പാക്കുന്ന വിദ്യാലയ അന്തരീക്ഷം ഒരുക്കൽ.

6. പാരിസ്ഥിതികാവ ബോധത്തോടെ ജീവിക്കാനും വരും തലമുറയ്ക്ക് കൈമാറേണ്ട ഭൂമിയിലെ താത്കാലിക വാസികൾ മാത്രമാണ് മനുഷ്യർ എന്ന അവബോധത്തോടെ പരിസ്ഥിതിയെ കാത്തുസൂക്ഷിക്കുവാനും സുസ്ഥിര വികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നതിന് കുട്ടിയെ പ്രാപ്തമാക്കൽ

7. സമൂഹത്തിലെ എല്ലാവരെയും സ്ക്കൂളിന്റെ അക്കാദമിക പ്രവർത്തനങ്ങളിൽ പങ്കെടുപ്പിച്ച് സാമൂഹ്യ പങ്കാളിത്തം ഉറപ്പാക്കൽ

മുൻ എം.എൽ.എ പി.വി കുഞ്ഞിക്കണ്ണൻ, ചെന്നൈ അറ്റോമിക് റിസർച്ച് സെന്ററിലെ ശാസ്ത്രജ്ഞൻ വേണുഗോപാലൻ, കണ്ണൂർ ആയുർവേദ കോളജ് പ്രിൻസിപ്പളായിരുന്ന ഡോ.വി.പി ശ്രീധരൻ, ദേശീയ അദ്ധ്യാപക അവാർഡ് ജേതാവായ എം.കെ ഗോപാലൻ നമ്പ്യാർ തുടങ്ങിയവർ പൂർവ്വ വിദ്യാർത്ഥികളിൽ പ്രമുഖരാണ്. ഇരിങ്ങണ്ണൂരിൽ ഒരു ഹൈസ്ക്കൂൾ സ്ഥാപിക്കണമെന്ന ചർച്ചയെത്തുടർന്ന് അഞ്ചാംതരം വരെയുള്ള ക്ലാസുകൾ ഹൈസ്ക്കൂളിന് (ഇരിങ്ങണ്ണൂർ ഹൈസ്ക്കൂൾ) വിട്ടുകൊടുത്തു.

ഒരു ശതാബ്ദികാലത്തിലേറെയായി അനേകായിരങ്ങൾക്ക് അറിവിന്റെ പ്രഭ ചൊരഞ്ഞ ഈ മാതൃകാ വിദ്യാലയം ഇന്ന് സാധാരണക്കാരന്റെ വഴിവിളക്കാണ്.

# മികവിന്റെ കേന്ദ്രം

## മികവുകൾ നേട്ടങ്ങൾ

നിരവധി വർഷങ്ങളിൽ എൽ.എസ്.എസ് പരീക്ഷകളിൽ മികച്ച വിജയങ്ങൾ, കഴിഞ്ഞ വർഷം 2 എൽ.എസ്.എസ് ലഭിച്ചു. 2008-ൽ 9 എൽ.എസ്.എസ് ലഭിച്ചിരുന്നു. കോഴിക്കോട് ജില്ലയിൽ അപൂർവ്വം. 3 തവണ നാദാപുരം ഉപജില്ല സ്ക്കൂൾ കലോത്സവത്തിൽ ഒന്നാം സ്ഥാനം. കഴിഞ്ഞ വർഷം രണ്ടാം സ്ഥാനം യുറീക്ക വിജ്ഞാന തല (പഞ്ചായത്തു തലത്തിൽ) നിരവധി തവണ ഒന്നാം സ്ഥാനം. കായിക മേളയിൽ കോംപ്ലക്സ് തലത്തിൽ തുടർച്ചയായി ഒന്നാം സ്ഥാനം. കഴിഞ്ഞ തവണ മൂന്നാം സ്ഥാനം, ശാസ്ത്ര മേളയിൽ ജില്ലാതലത്തിൽ മൂന്നു തവണ മത്സരിച്ചു.

## പുതുമയാർന്ന തനതു പ്രവർത്തനങ്ങൾ

കഴിഞ്ഞ വർഷം നടത്തിയ തനതു പരിപാടി കഥപറയും കഥ മാമൻ കുട്ടികൾക്ക് മധുരം നിറഞ്ഞ മുത്തശ്ശി കഥകൾ അവസരം നൽകി. സാഹിത്യകാരൻമാരും കഥാകാരൻമാരും സ്ക്കൂളിൽ വന്ന് കഥ പറഞ്ഞുകൊടുക്കുന്ന പരിപാടി പഞ്ചായത്തുതലത്തിൽ മികവു നേടി. ബ്ലോക്കിലേക്ക് തെരഞ്ഞടുത്തു. ഈ വർഷം നടത്തിക്കൊണ്ടിരിക്കുന്ന തനതു പരിപാടിയായ പാടാം നമുക്ക് പാടാം അന്യം നിന്നു പോകുന്ന നാടൻ പാട്ടുകൾ, വടക്കൻ പാട്ടുകൾ, കോൽക്കളിപ്പാട്ടുകൾ, മാപ്പിളപ്പാട്ടുകൾ, താരാട്ടുപാട്ടുകൾ എന്നിവയ്ക്ക് പുതുജീവൻ നൽകി ഗായകരും കലാകാരൻമാരും ഓരോ മാസവും വന്ന് കുട്ടികളോടൊപ്പം പാടുന്ന പരിപാടി ശ്രദ്ധേയമായിക്കൊണ്ടിരിക്കുന്നു. പുതുമയാർന്ന ദിനാചരണങ്ങൾ, വയലാർദിന പരിപാടി ഏറെ ശ്രദ്ധിക്കപ്പെട്ടു. വിദ്യാർത്ഥികൾക്കു പുറമെ പൂർവ്വ വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും വയലാറിന്റെ ഗാനങ്ങൾ ഉൾക്കൊള്ളിച്ചുള്ള വയലാർ സിനിമാ നാടക ഗാനാലാപന മത്സരം പുതുമയുള്ളതായിരുന്നു - പരിപാടി തുടർന്നുകൊണ്ടു പോകും

## അദ്ധ്യാപന മികവുകൾ

ജില്ലയിലെ അദ്ധ്യാപകർക്കു വേണ്ടി കോഴിക്കോട് ഡയറ്റ് നടത്തിയ Teaching note മത്സരത്തിൽ ഈ സ്ക്കൂളിലെ അദ്ധ്യാപകൻ മികച്ച വിജയം നേടി (ജില്ലയിൽ രണ്ടാംസ്ഥാനം).

8. ശിശു സൗഹൃദ വിദ്യാലയം - ശിശുസൗഹൃദ വീട് ഈ സാഹചര്യം സൃഷ്ടിക്കൽ

9. പ്രതിഭകൾക്ക് മുന്നേറുവാനും സമൂഹത്തിന്റെ ഉയർച്ചയ്ക്ക് കരുത്ത് പകരുവാനുള്ള അടിത്തറ ഒരുക്കൽ

10. 1. എസ്.ആർ.ജി യോഗത്തിൽ ഇരിങ്ങണ്ണൂർ എൽ.പി സ്ക്കൂൾ മികവിന്റെ കേന്ദ്രം എന്ന വികസന കാഴ്ചപ്പാട് അവതരിപ്പിക്കൽ ചർച്ച

2. വികസനാവശ്യങ്ങൾ ക്ലാസ് 1 വിഷയം അടിസ്ഥാനത്തിൽ അക്കാദമികം, ഭൗതികം, സാമൂഹികം, എന്നിങ്ങനെ തിരിച്ച് കരട് രൂപരേഖ തയ്യാറാക്കൽ.

3. കരട് രൂപരേഖ എസ്.ആർ.ജി, പി.ടി.എ, എം.പി.ടി.എ, ഒ.എസ്.എസ്, ജന പ്രതിനിധികൾ തുടങ്ങിയവരുടെ ശിൽപ്പശാലയിൽ അവതരിപ്പിക്കൽ

4. ശിൽപശാലയിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ കൂട്ടിച്ചേർക്കൽ

5. പി.ടി.എ നേതൃത്വത്തിൽ ക്രോഡീകൃത പദ്ധതി തയ്യാറാക്കൽ

# അവസ്ഥാപഠനം

## നിലവിലെ അവസ്ഥാവിശകലനം

### എ) ഭൗതികം - നേട്ടങ്ങൾ

അടുക്കള സ്റ്റോർ റൂം നിർമ്മിച്ചു.

പൊതുകിണർ ഉണ്ട്

### ബി) ഭൗതികം - പരിമിതികൾ

സൗകര്യപ്രദമായ ക്ലാസ്റൂം കെട്ടിട സൗകര്യമില്ല. ഓഫീസ്, സ്റ്റാഫ് റൂം, ലാബ് എന്നിവയ്ക്ക് മതിയായ സൗകര്യങ്ങളുളള മുറികൾ ഇല്ല. കുട്ടികൾക്ക് ഓടിച്ചാടിക്കളിക്കാൻ കളിസ്ഥലമില്ല. ശൗചാലയം ആധുനിക രീതിയിലുളളതല്ല, സൗകര്യപ്രദവുമല്ല. ക്ലാസ് റൂം നിലം മെച്ചപ്പെട്ടതല്ല. ടൈൽസ് പാകിയതല്ല. ഭോജനശാല ആവശ്യമാണ്. മെച്ചപ്പെട്ട ലൈബ്രറി, വായനശാല ആവശ്യമാണ്. സ്മാർട്ട് ക്ലാസ് റൂം ഇല്ല.

### സി) അക്കാദമികം - നേട്ടങ്ങൾ

എൽ.എസ്.എസ് പരീക്ഷയിൽ കഴിഞ്ഞ വർഷം 2 കുട്ടികൾക്ക് എൽ.എസ്.എസ് ലഭിച്ചു. കഴിഞ്ഞ വർഷം നടത്തിയ നാദാപുരം സബ്ജില്ലാ സ്ക്കൂൾ കലോത്സവത്തിൽ രണ്ടാംസ്ഥാനം.

### ഡി) അക്കാദമികം - പരിമിതികൾ

വിവിധ മത്സര പരീക്ഷകളിലെ കുട്ടികളുടെ മികവുകൾ ഇനിയും വർദ്ധിക്കേണ്ടതുണ്ട്. സ്ക്കൂൾ ഗ്രന്ഥാശാല നവീകരണം ലാബുകൾ ആധുനികവൽകരണം. ക്ലാസ് ലൈബ്രറി ക്രമീകരിക്കണം. കായിക മത്സരങ്ങളിലും കലാ-മത്സരങ്ങളിലും ശാസ്ത്ര പ്രവൃത്തിപരിചയ മേള മത്സരങ്ങളിലും കുട്ടികളുടെ മികവ് വർദ്ധിപ്പിക്കണം. കലാ കായിക പരിശീലനത്തിന് വിദഗ്ധ അദ്ധ്യാപകരുടെ പൂർണ സമയസേവനം ആവശ്യമാണ്.

## കുട്ടികളുടെ എണ്ണം

| | | |
|---|---|---|
| എൽ.പി ക്ലാസുകളിലെ ആകെ കുട്ടികളുടെ എണ്ണം | : | 189 |
| ആകെ ക്ലാസുകൾ | : | 8 |
| പ്രീ പ്രൈമറി ക്ലാസുകളിലെ ആകെ കുട്ടികളുടെ എണ്ണം | : | 62 |
| യു.കെ.ജി | : | 1 |

## നിലവിലുള്ള കമ്മിറ്റികൾ

- P.T.A
- M.P.T.A
- S.R.G
- S.S.G
- Noon Feeding Committee

## പ്രതീക്ഷിത നേട്ടങ്ങൾ

- ശിശു സൗഹൃദ പരമായ അന്തരീക്ഷത്തിൽ മികച്ച പഠനാന്തരീക്ഷം ഒരുക്കുന്നു.
- സ്ക്കൂൾ സമൂഹത്തിന്റേത് എന്ന ആശയം സാക്ഷാത്ക്കരിക്കപ്പെടുന്നു.
- വിദ്യാലയ പ്രവേശന നിരക്ക് വർദ്ധിക്കുന്നു.
- മത നിരപേക്ഷ സമൂഹത്തെ നിലനിർത്താൻ കഴിയുന്നു.

## മോണിറ്ററിംഗ്

- ഉദ്യോഗസ്ഥ തലത്തിലുള്ള മോണിറ്ററിംഗ് സ്ക്കൂൾ തലം മുതൽ ശക്തമായിരുന്നു.
- സോഷ്യൽ മോണിറ്ററിംഗ് രീതി (P.T.A, M.P.T.A, S.S.G, O.S.S എന്നിവരെ ഉൾപ്പെടുത്തി) നടപ്പിലാക്കണം.
- ദൈനംദിന മോണിട്ടറിംഗ് H.M, S.R.G കൺവീനർ P.T.A പ്രസിഡന്റ് എന്നിവരുടെ നേതൃത്വത്തിൽ നടത്തണം.

## മികവിനായി ഏറ്റെടുക്കേണ്ട വിവിധ വിഷയ മേഖലകൾ - മൊത്തത്തിൽ

| അക്കാദമികം | ഭൗതികം | സാമൂഹികം |
|---|---|---|
| മാതൃഭാഷ(മലയാളം) | കളിസ്ഥലം | പൂർവ്വ വിദ്യാർത്ഥി സംഗമം |
| ഭാഷാശേഷി വികസനം | പുതിയ കെട്ടിടം( 2 നില) | ആരോഗ്യ ബോധവൽക്കരണ ക്ലാസ് |
| ഗണിതശേഷി വികസനം | ചിൽഡ്രൻസ് പാർക്ക് | വിദ്യാലയ വികസന സമിതി |
| ഇംഗ്ലീഷ് പഠന പരിപോഷണം | സ്മാർട്ട് ക്ലാസ് മുറി | S.S.G |
| പ്രതിഭാപോഷണ പരിശീലനം | പ്രീ പ്രൈമറി കെട്ടിടം | P.T.A കോർണർ P.T.A |
| പഠന പിന്നോക്കാവസ്ഥ പരിഹാരം | ഗ്രന്ഥശാലാ കെട്ടിടം | വായനാക്കൂട്ടം(അമ്മ വായന) |
| കലാമേള കലാ പഠനം | ഭക്ഷണ മുറി | P.T.A , M.P.T.A |
| കായിക പരിശീലനം | ശൗചാലയം | സർഗോത്സവം |
| മൂല്യബോധ വിദ്യാഭ്യാസം | മാലിന്യ സംസ്ക്കരണം | ഭവന സന്ദർശനം |
| ശാസ്ത്ര പോഷണ പരിപാടി | കുടിവെള്ള വിതരണം | |
| വായന പരിപോഷണം | | |
| ക്ലാസ് ലൈബ്രറി | | |
| ക്ലാസ് പി.ടി.എ(കോർണർPTA) | | |
| പോഷകാഹാര പരിപാടി | | |
| ദിനചരണങ്ങൾ | | |
| ഒന്നാം ക്ലാസ് ഒന്നാം തരം | | |
| ജൈവ വൈവിധ്യ പാർക്ക് | | |
| ഗ്രന്ഥശാല ശാക്തീകരണം | | |
| പഠനയാത്രകൾ | | |
| ടാലന്റ് ലാബ് | | |
|   കളിമണ്ണ് | | |
|   ഒറിഗാമി ശിൽപശാല | | |
|   മാജിക് | | |
|   കോഴിവളർത്തൽ | | |
|   പച്ചക്കറിത്തോട്ടം | | |
|   പൂന്തോട്ട നിർമ്മാണം | | |
|   മൺമറഞ്ഞ ആഹാരം | | |
|   കുട്ടീസ് റേഡിയോ | | |
|   ചിത്രരചനാ കളരി | | |
|   രചനാ ശിൽപശാല | | |
| പുതുമയാർന്ന തനതു പ്രവർത്തനങ്ങൾ | | |

## മേഖല - അക്കാദമികം

### പ്രവർത്തനം 1- മാതൃഭാഷ

ഭാഷാ ശേഷി വികസനം, ഉപമേഖല - മാതൃഭാഷയിലെ വിവിധ ശേഷികളുടെ വികാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വായനാ സാമഗ്രിക ളുടെ നിർമ്മാണം<br>സർഗാത്മക രചനകളിൽ ഏർപ്പെടാൻ അവസരം ഒരുക്കൽ | വായനാക്കൂട്ടം വായനാ ഉല്ലാസം<br>ഉല്ലാസങ്ങൾ സചിത്രം ഉപയോഗിക്കൽ<br>രചനാ ശിൽപശാലകൾ സംഘടിപ്പിക്കൽ<br>കഥ, കവിത,etc.. വായന ക്ലാസ് | ഹ്രസ്വകാലം മൂന്നുമാസം | വിദ്യാരംഗം കാലാസാ ഹിത്യ വേദി, S.R.G | 2000/- P.T.A |

### പ്രവർത്തനം 2- ഗണിതം

ഗണിത ലാബ് സജ്ജീകരിക്കൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | വിശകലനം |
|---|---|---|---|---|
| ഗണിത പഠനം പ്രവർത്തനം സുഗമമാക്കൽ | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിത ലാബ് സജ്ജമാക്കൽ, ലാബിൽ വെച്ച് ഗണിത ക്ലാസ് നട ത്തൽ സങ്കലനം -വ്യ വകലനം, ഗുണം,ഹ രണം | ഒരു കൊല്ലം മധ്യമകാലം | ഗണിത ക്ലബ് | 3000/- P.T.A |

### പ്രവർത്തനം 3- ഗണിതം - ഗണിത പാർക്ക്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | വിശകലനം |
|---|---|---|---|---|
| ഗണിതം മധുരമാക്കൽ | ജ്യാമിതിയ രൂപ ങ്ങൾക്ക് പ്രധാന്യം നൽകി വിദ്യാലയ മുറ്റത്ത് പാർക്ക് സജ്ജമാക്കൽ | മധ്യമകാലം 2 കൊല്ലം | ഗണിത ക്ലബ് | 3000/- P.T.A |

## പ്രവർത്തനം 4-

ഇംഗ്ലീഷ് പഠന പരിപോഷണം- ഹലോ ഇംഗ്ലീഷ്, ഈസി, ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷ സംസാരിക്കാൻ ഉപയോഗിക്കാൻ കഴിവുനേടൽ<br><br>ഇംഗ്ലീഷിൽ ആശയവിനിമയം നടത്തൽ | അവധി ദിവസങ്ങളിൽ വിദഗ്ധരെ പങ്കെടുപ്പി ച്ചുകൊണ്ട് പ്രാദേശിക P.T.A ഭാഷാ വിദഗ് ധരെ പങ്കെടുപ്പിച്ച് ഇംഗ്ലീഷ് ക്ലാസെടുക്കൽ | ഒരു കൊല്ലം മധ്യമകാലം | ക്ലാസ് ടീച്ചർ P.T.A പൂർവ്വ വിദ്യാർത്ഥി സംഘടന | 5000/- പൂർവ്വ വിദ്യാർത്ഥി സംഘടന |

## പ്രവർത്തനം 5 -

ഇംഗ്ലീഷ് പഠന പരിപോഷണം- ഇംഗ്ലീഷ് ഫെസ്റ്റ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് നന്നായി പറയാനും എഴുതാനും കഴിയുന്ന നിലവാരത്തിൽ എത്തിക്കൽ | അവധിക്കലത്ത് 2 ദിവസത്തെ ഇംഗ്ലീഷ് ഫെസ്റ്റ് മുഴുവൻ പ്രവർത്തനങ്ങളും ഇംഗ്ലീഷ് കഥ, കവിത, സംഭാഷണം, etc... | ഒരു കൊല്ലം മധ്യമകാലം | P.T.A | 3000/- C.S.R |

## പ്രവർത്തനം 6 -

ഇംഗ്ലീഷ് അസംബ്ലി, ഇംഗ്ലീഷ് ഭാഷാ പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുള്ള ശേഷി വികസിപ്പിക്കൽ | അസംബ്ലി ആഴ്ചയിൽ ഒരു ദിവസം മുഴുവൻ പരിപാടി ഇംഗ്ലീഷിൽ അവതരിപ്പിക്കൽ അദ്ധ്യാപകർ ഇംഗ്ലീഷിൽ സന്ദേശം നൽകൽ, ഓരോ ക്ലാസ്സുകൾക്കും ഇടവിട്ട് ചുമതലകൾ നൽകൽ | മൂന്നാം മാസം ഹ്രസ്വകാലം | ക്ലാസ് ടീച്ചർ | |

## പ്രവർത്തനം 7 -

ഇംഗ്ലീഷ് അസംബ്ലി, ഇംഗ്ലീഷ് ഭാഷാ പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | വിശകലനം |
|---|---|---|---|---|
| പ്രതിഭകൾക്ക് വിദഗ്ദ പരിശീലനം<br><br>ഇപ്പോൾ ഒന്നാം ക്ലാസിൽ പഠിക്കുന്നവർക്ക് 50% ൽ കൂടുതൽ നേടണം. | L.S.S മികവാർന്ന വിജയം നേടുവാനായി മത്സരാർത്ഥികൾക്ക് പ്രത്യേക പരിശീലന പരിപാടി ഒഴിവു ദിവസങ്ങളിൽ സംഘടിപ്പിക്കാൻ ഇപ്പോൾ ഒന്നിൽ പഠിക്കുന്നവർക്ക് | ഒരു വർഷം മധ്യമകാലം | എസ്.ആർ.ജി, എസ്.എസ്.ജി | 3000/- സ്പോൺസർഷിപ്പ് |

| | | | | |
|---|---|---|---|---|
| | 50 % കൂടുതൽ നേടണം വിദഗ്ദർ, പ്രാദേശിക വിദഗ്ധർ, പൂർവ്വാധ്യാപകർ, പൂർവ്വ വിദ്യാർത്ഥികൾ രക്ഷിതാക്കൾ ക്ലാസ് നൽകുന്നു. | | | |

## പ്രവർത്തനം - 8

### മാതൃഭാഷാ ശേഷി വികസനം, പഠന പിന്നോക്കാവസ്ഥ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മാതൃഭാഷയിൽ നല്ല വണ്ണം എഴുതുവാനും വായിക്കാനുമുള്ള കഴിവു നേടൽ<br><br>ഇപ്പോൾ ഒന്നാം ക്ലാസിൽ ഉള്ള എല്ലാ കുട്ടികളെയും മികവുള്ളവരാക്കൽ | അവധി ദിനങ്ങളിൽ എഴുത്തിലും വായനയിലും പ്രാധാന്യം നൽകി ക്ലാസുകൾ, ചിഹ്നങ്ങൾ - ഉപയോഗിക്കൽ നല്ല ഉച്ചാരണം, നല്ല എഴുത്ത്, നല്ല വായന | മൂന്നു മാസം<br>ഹ്രസ്വകാലം | ക്ലാസ് ടീച്ചർ, പൂർവ്വ വിദ്യാർത്ഥികൾ, പി.ടി.എ | 2000/-<br>പി.ടി.എ |

## പ്രവർത്തനം - 9

### കലാ മണ്ഡലം - കലാമേള, ഉപമേഖല - കലാ വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കലാ വാസനകൾക്ക് പരിപോഷണം,<br>സ്ക്കൂൾ കലോത്സവത്തിൽ മികച്ച പ്രകടനം | സംഗീതം, നൃത്തം, ചിത്രരചനാ തുടങ്ങിയ കലകളുടെ പരിശീലനത്തിന് വേണ്ടി അതാതു രംഗങ്ങളിലെ വിദഗ്ധ കലാകാരൻമാരെ പങ്കെടുപ്പിച്ച് അവധി ദിവസങ്ങളിൽ പരിശീലനം | 1 വർഷം<br>മധ്യമകാലം | ആർട്ട്സ് ക്ലബ്<br>കലാധ്യാപകൻമാർ | 3000/-<br>പ.ടി.എ<br>സ്പോൺസർഷിപ്പ് |

## പ്രവർത്തനം - 10

### കായിക പരിശീലനം , കായിക വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കായിക പരിശീലനം കാര്യക്ഷമമാക്കൽ | രാവിലെയും വൈകുന്നേരവും കായിക പരിശീലനം<br>കുട്ടികൾക്ക് ലഘുഭക്ഷണം നൽകൽ | 1 വർഷം<br>മധ്യമകാലം | പി.ടി.എ<br>അദ്ധ്യാപകർ | 3000/-<br>പി.ടി.എ<br>സ്പോൺസർഷിപ്പ് |

## പ്രവർത്തനം - 11

### മൂല്യബോധം- മൂല്യവിദ്യാഭ്യാസം നൽകൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളിൽ മൂല്യമനോഭാവം വളർത്തൽ | കഥപറയും കഥമാമൻ മാസത്തിൽ 2 പ്രാവശ്യം കഥപറയുന്ന കഥാകാരൻമാർ കുട്ടികൾക്ക് നല്ല മൂല്യ ബോധം നിറഞ്ഞ മുത്തശ്ശികഥകൾ പറഞ്ഞു കൊടുക്കും | മൂന്നുമാസം ഹ്രസ്വകാലം | പി.ടി.എ പൂർവ്വ വിദ്യാർത്ഥികൾ | 3000/- |

## പ്രവർത്തനം - 12

### ശാസ്ത്രലാബ് നവീകരണം- ശാസ്ത്ര പോഷണ പരിപാടി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രലാബിനെ സജ്ജീകരിക്കൽ | ശാസ്ത്രീയ ഉപകരണങ്ങൾ ക്രമീകരിക്കൽ, വാങ്ങൽ | 1 കൊല്ലം മധ്യമകാലം | സയൻസ് ക്ലബ് | 3000/- സ്പോൺസർഷിപ്പ് |

## പ്രവർത്തനം - 13

### ശാസ്ത്ര പ്രതിഭാ പോഷണ പരിപാടി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പ്രതിഭകൾക്ക് വിദഗ്ധ പരിശീലനവും ക്ലാസുകളും നൽകൽ, ശാസ്ത്രം പ്രവർത്തനമാണ് എന്ന് മനസ്സിലാക്കൽ | ശാസ്ത്രത്തിൽ മികവു പുലർത്തുന്ന കുട്ടികൾക്കായി ശാസ്ത്രമേളയിൽ മികവു നേടൽ പ്രത്യേക പരിശീലന ക്ലാസുകൾ ഒഴിവു ദിനങ്ങളിൽ സംഘടിപ്പിക്കൽ | 1 കൊല്ലം മധ്യമകാലം | എസ്.ആർ.ജി എസ്.എസ്.ജി | 6000/- സ്പോൺസർഷിപ്പ് |

## പ്രവർത്തനം - 14

### നല്ല വായന, വായനാ പരിപോഷണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ബാല സാഹിത്യമാസികകളെ ഫലപ്രദമായി ഉപയോഗിക്കൽ | ബാലസാഹിത്യ കൃതികൾ, ബാലമാസികകൾ, എന്നിവയിലൂടെ തുടർ വായന പ്രോത്സാഹിപ്പിക്കുന്ന വിധത്തിൽ പരിശീലനം | 1 വർഷം മധ്യമകാലം | വിദ്യാരംഗം കലാസാഹിത്യവേദി | 3000/- സ്പോൺസർഷിപ്പ് |

## പ്രവർത്തനം - 15

### ക്ലാസ് പി.ടി.എ സജീവമാക്കൽ(കോർണർ പി.ടി.എ)

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളുടെ പഠനം കൂടുതൽ മെച്ചപ്പെടുത്തൽ | ക്ലാസ് പി.ടി.എ കൃത്യമായ അജണ്ടവെച്ച് പ്രതിമാസം ചേരൽ, പ്രാദേശികമായി പിടിഎ (കോർണർ പി.ടി.എ സംഘടിപ്പിക്കൽ) പഠന പുരോഗതി പരിശോധിക്കൽ, മികവുകളുടെ അവതരണം, പൊതു ചർച്ച എന്നിവ | 1 വർഷം മധ്യമകാലം | ക്ലാസ് ടീച്ചർ | |

## പ്രവർത്തനം - 16

### പോഷകാഹാര പരിപാടി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആരോഗ്യമുള്ള ശരീരം പഠനത്തിൽ അനിവാര്യം | ആഴ്ചയിൽ ഓരോ ദിവസവും വ്യത്യസ്ത മെനു വെച്ച് പോഷക സമൃദ്ധമായ ഉച്ചഭക്ഷണം നൽകൽ പ്രഭാത ഭക്ഷണം നൽകൽ | ഹ്രസ്വകാലം | ഉച്ചഭക്ഷണ ചുമതലയുള്ള ടീച്ചർ, എച്ച്.എം, പി.ടി.എ | 50000/- C.S.R ഫണ്ട് PTA |

## പ്രവർത്തനം - 17

### ദിനാചരണങ്ങൾ- ഉപമേഖല - സമഗ്രവികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിവിധ ശേഷികളുടെ വികസനം | ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ എസ്.ആർ.ജി യിൽ രൂപപ്പെടുത്തുന്നു നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | ഹ്രസ്വകാലം | എസ്.ആർ.ജി | 2000/- സ്പോൺസർഷിപ്പ് |

## പ്രവർത്തനം - 18

### ഒന്നാം ക്ലാസ് ഒന്നാം തരം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിവിധ ശേഷികളുടെ വികാസം | ഒന്നാം ക്ലാസ് ശിശുസൗഹൃദമാക്കൽ, വായനാ സാമഗ്രികൾ, ചിത്ര ചുമർ, ശിശു സൗഹൃദപാർക്ക് പാട്ടുകൾ, കളികൾ,കഥകൾ എന്നിവ | 1 വർഷം മധ്യമകാലം | പി.ടി.എ ക്ലാസ് ടീച്ചർ | 10000/- സ്പോൺസർഷിപ്പ് |

## പ്രവർത്തനം - 19

### ജൈവ വൈവിധ്യ പാർക്ക് നവീകരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പ്രകൃതിയെ അടുത്തറിയാൻ അവസരം ഒരുക്കുക | സ്ക്കൂളിൽ സൗകര്യ പ്രദമായ സ്ഥലത്ത് ജൈവ വൈവിധ്യ പാർക്ക് നിർമ്മിക്കൽ | ഹ്യസ്വകാലം | എസ്.ആർ.ജി | 10000 എസ്.ആർ.ജി |

## പ്രവർത്തനം - 20

### ഗ്രന്ഥശാല ശാക്തീകരണം- ഭാഷാ ശേഷി വികാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിവിധ സാഹിത്യ രൂപങ്ങൾ പരിചയപ്പെടാൻ അവസരം ഒരുക്കൽ വായിച്ചു വളരുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കൽ | ഗ്രന്ഥശാലയിലേക്ക് കൂടുതൽ പുസ്തകങ്ങൾ<br>ഭവന സന്ദർശനത്തിലൂടെ പുസ്തകപ്പയറ്റ്<br>ജന്മദിനത്തിനൊരു പുസ്തകം<br>പുസ്തകങ്ങൾ വർഗ്ഗീകരിച്ച് രൂപീകരിക്കൽ | 1 വർഷം മധ്യമകാലം | എച്ച്.എം, പി.ടി.എ ലൈബ്രറി ചാർജുള്ള ടീച്ചർ | 5000/- സ്പോൺസർഷിപ്പ് |

## പ്രവർത്തനം - 21

### പഠനയാത്രകൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പ്രത്യക്ഷാനുഭവത്തിലൂടെ പാഠ്യ വസ്തുക്കൾ ഗ്രഹിക്കുന്നത് | വിവിധ ശേഷി വികാസത്തിനുതകുന്ന നിരീക്ഷണ ശേഷി വികസനം, സാമൂഹ്യ ശാസ്ത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ ഇടങ്ങൾ എന്നിവയിലേക്ക് നടത്തുന്ന പഠനയാത്രകൾ | 1 വർഷം മധ്യമകാലം | എസ്.ആർ.ജി | 5000/- സ്പോൺസർഷിപ്പ് |

## പ്രവർത്തനം - 22

### ടാലന്റ് ലാബ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കളിമണ്ണ്<br>കരചലന ശേഷികളുടെ വികസനം<br>സൂക്ഷ്മ സ്ഥൂലശേഷി വികസനം | ചുവരിൽ ചാർട്ടിൽ രൂപങ്ങൾ വരക്കൽ<br>കളിമൺ രൂപങ്ങൾ നിർമ്മിക്കൽ | ഒരു വർഷം മധ്യമകാലം | എസ്.ആർ.ജി | |

## പ്രവർത്തനം - 23
ഒറിഗാമി ശിൽപശാല

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കരചലനശേഷികളുടെ വികാസവും രസകരമായ ഗണിതശാസ്ത്ര പഠനവും | വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു<br>ഗണിത ശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ | മൂന്നു മാസം<br>ഹ്രസ്വകാലം | എസ്.ആർ.ജി<br>എസ്.എസ്.ജി | 2000<br>സ്പോൺസർഷിപ്പ് |

## പ്രവർത്തനം - 24
മാജിക്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തുക<br>പാഠഭാഗങ്ങൾ വളരെ എളുപ്പത്തിൽ മനസ്സിലാക്കൽ | ലഘു പരീക്ഷണങ്ങൾ അവതരിപ്പിക്കുന്നതിനുള്ള രസകരമായ വായനാ സാമഗ്രികൾ പരിചയപ്പെടുത്തുക<br>ഗണിതതത്ത്വങ്ങൾ വേഗത്തിൽ മനസ്സിലാക്കുക<br>അവതരണം | ഒഴിവു സമയങ്ങളിൽ ആവശ്യാനുസരണം | എസ്.ആർ.ജി | |

## പ്രവർത്തനം - 25
കോഴി വളർത്തൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സ്വയം തൊഴിൽ കണ്ടെത്തൽ<br>മറ്റു ജീവികളോടുള്ള അനുകമ്പാ വാത്സല്യ മനോഭാവം വളർത്തൽ<br>പോഷക സമൃദ്ധമായ ഉച്ചഭക്ഷണം ആരോഗ്യദായകമാക്കൽ | പ്രത്യേക കൂടൊരുക്കി കോഴികളെ വളർത്തുക,<br>തീറ്റ കൊടുക്കുക<br>വെള്ളം കൊടുക്കുക,<br>മുട്ടശേഖരിക്കുക | ഒഴിവു സമയങ്ങളിൽ ആവശ്യാനുസരണം | ക്ലാസ് ടീച്ചർ | 10000/-<br>സ്പോൺസർഷിപ്പ് |

## പ്രവർത്തനം - 26
പച്ചക്കറിത്തോട്ടം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കാർഷിക സംസ്കൃതിയെ വീണ്ടെടുക്കൽ | വിദ്യാലയത്തിലെ സൗകര്യപ്രദമായ സ്ഥലത്ത് ആകർഷകമായ വിധത്തിൽ പച്ചക്കറിത്തോട്ടം ഉണ്ടാക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | എസ്.ആർ.ജി<br>എസ്.എസ്.ജി<br>പി.ടി.എ | 5000/-<br>കൃഷിവകുപ്പ് |

## പ്രവർത്തനം - 27

### പൂന്തോട്ട നിർമ്മാണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സൗന്ദര്യ ബോധവും പ്രകൃതി സ്നേഹവും വളർത്തൽ | വിദ്യാലയത്തിലെ സൗകര്യപ്രദമായ സ്ഥലത്ത് ആകർഷകമായ വിധത്തിൽ ഉദ്യാനം നിർമ്മിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | എസ്.ആർ.ജി എസ്.എസ്.ജി | 2000 സ്പോൺസർഷിപ്പ് |

## പ്രവർത്തനം - 28

### മൺമറഞ്ഞ ആഹാരം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| നമ്മുടെ നാടൻ ഭക്ഷണങ്ങൾ പരിചയപ്പെടൽ നിർമ്മിക്കൽ | നമ്മുടെ നാട്ടിൽ നിലവിലുണ്ടായിരുന്ന നാടൻ പലഹാരങ്ങൾ പാനീയങ്ങൾ ആഹാര സാധനങ്ങൾ മുതിർന്നവരുടെ സഹായത്തോടെ പാചകം ചെയ്യുന്ന വിധം അതിൽ ചേർക്കുന്ന വസ്തുക്കൾ ഉൾപ്പെടുത്തി വിവരിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | എസ്.ആർ.ജി പി.ടി.എ | |

## പ്രവർത്തനം - 29

### കുട്ടീസ് റേഡിയോ- ഉപമേഖല - ഭാഷയുടെ പ്രകടന പരത

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അവതരണ മികവ് കൈവരിക്കൽ | വിദ്യാലയത്തിൽ ക്രമീകരിച്ചിരിക്കുന്ന റേഡിയോ സ്റ്റുഡിയോ കേന്ദ്രത്തിൽ നിന്ന് എല്ലാ ക്ലാസിലും ക്രമീകരിച്ചിട്ടുള്ള സ്പീക്കറിലേക്ക് ഒഴിവു സമയത്ത് റേഡിയോ പ്രക്ഷേപണം. കുട്ടികളുടെ വിവിധ പരിപാടികളുടെ അവതരണം | എല്ലാ ദിവസങ്ങളിലും ഒഴിവു സമയങ്ങളിൽ | എസ്.ആർ.ജി | 10000/- സ്പോൺസർ |

## പ്രവർത്തനം - 30

### ചിത്ര രചനാ കളരി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ചിത്രരചനയിൽ പ്രാവീണ്യം നേടൽ | മദ്ധ്യവേനൽ അവധിക്ക് രണ്ടു ദിവസം നീണ്ടു നിൽക്കുന്ന ചിത്രരചനാ പരിശീലനം | മദ്ധ്യവേനൽ അവധിക്കാലം രണ്ടു ദിവസം | എസ്.ആർ.ജി | 2000/- സ്പോൺസർ |

## പ്രവർത്തനം - 31
രചനാ ശിൽപശാല

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സർഗ വാസനകൾ സർഗ്ഗാത്മക രചനകൾ വികസിപ്പിക്കൽ | കഥ, കവിത, കടംകഥകൾ, കടംകവിതകൾ തുടങ്ങിയ രചനകൾ പരിശീലനം രണ്ടു ദിവസം | അവധിക്കാലം 2 ദിവസം | എസ്.ആർ.ജി | 2000 സ്പോൺസർഷിപ്പ് |

## മേഖല - ഭൗതികം

## പ്രവർത്തനം -1
കളിസ്ഥല നിർമ്മാണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കായിക വിദ്യാഭ്യാസത്തിന് മികച്ച സൗകര്യം ഒരുക്കൽ | മുഴുവൻ കുട്ടികൾക്കും വിവിധതരം കളികളിലും മത്സരങ്ങളിലും ഏർപ്പെടാൻ കഴിയുന്ന വിധത്തിൽ സൗകര്യ പ്രദമായ മൈതാനം നിർമ്മിക്കൽ | ദീർഘകാലം 3 വർഷം | പി.ടി.എ LSGDC | 2 ലക്ഷം |

## പ്രവർത്തനം - 2
പുതിയ കെട്ടിടം(2നില)

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭൗതിക സൗകര്യം മൊരുക്കി അക്കാദമിക പ്രവർത്തനം കാര്യക്ഷമമാക്കാൻ | 8 ക്ലാസ് മുറികൾ ഓഫീസ് റൂം , സ്റ്റാഫ് റൂം, കമ്പ്യൂട്ടർ റൂം ഉൾപ്പെടുത്തി ടൈൽസ് പാകിയ വിശാലമായ ക്ലാസ് മുറി സൗകര്യമുള്ള നല്ല ഇരിപ്പിട സൗകര്യവും മറ്റു പഠനോപകരണങ്ങളുമുള്ള ശിശുസൗഹൃദമായ മന്ദിരം ഒരുക്കൽ | ദീർഘകാലം 4 വർഷം | എസ്.എം.സി പി.ടി.എ,LSGDC | 40 ലക്ഷം |

## പ്രവർത്തനം - 3
ചിൽഡ്രൻസ് പാർക്ക്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആരോഗ്യ കായിക വിനോദ ഉപാധി ഒരുക്കൽ | പ്രധാന കെട്ടിടത്തിനടുത്ത് മുന്നിലായി ആകർഷകമായ കുട്ടികളുടെ പാർക്ക് ഒരുക്കൽ | ദീർഘകാലം 4 വർഷം | എസ്.ആർ.ജി | 5 ലക്ഷം |

## പ്രവർത്തനം - 4

### സ്മാർട്ട് ക്ലാസ് മുറി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| നിരീക്ഷണ ശേഷി വർദ്ധിപ്പിക്കൽ ആനുകാലികമായ അറിവു സമ്പാദിക്കൽ | പ്രൊജക്ടർ, എൽ.സി.ഡി, മൾട്ടിമീഡിയ സാകര്യം ഉൾപ്പെടുത്തി നല്ല രണ്ട് സ്മാർട്ട് മുറികൾ നിർമ്മാണം | ദീർഘകാലം രണ്ടു മൂന്നു വർഷം | എസ്.എം.സി പി.ടി.എ,LSGDC | 10 ലക്ഷം |

## പ്രവർത്തനം -5

### പ്രീപ്രൈമറി കെട്ടിട സമുച്ചയം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പ്രീപ്രൈമറി വിദ്യാഭ്യാസ കെട്ടിട സമുച്ചയം ഒരുക്കൽ വർദ്ധിപ്പിക്കൽ | ആകർഷകമായ വിധത്തിൽ പ്രീപ്രൈമറി മന്ദിര സമുച്ചയ നിർമ്മാണം | ദീർഘകാലം 3 വർഷം | എസ്.എം.സി പി.ടി.എ,LSGDC | 10 ലക്ഷം |

## പ്രവർത്തനം - 6

### ഗ്രന്ഥശാല ലൈബ്രറി വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വായനയിലൂടെ അറിവു നേടൽ ഭാവനാ ശേഷി വളർത്തൽ | 5000 ത്തിലധികം പുസ്തകങ്ങളുള്ള മനോഹരമായ ഒരു ലൈബ്രറി കെട്ടിടം നിർമ്മാണം | ദീർഘകാലം 3 വർഷം | LSGD | 5 ലക്ഷം എം.എൽ.എ ഫണ്ട് |

## പ്രവർത്തനം - 7

### ഭക്ഷണമുറി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശുചിത്വം + ആരോഗ്യം = പഠനം | സൗകര്യ പ്രദമായ സ്ഥലത്ത് ആകർഷകമായ രീതിയിൽ ഡൈനിംഗ് ഹാൾ നിർമ്മാണം | ദീർഘകാലം 3 വർഷം | LSGD | 5 ലക്ഷം |

## പ്രവർത്തനം - 8

### ശുചിമുറി - ശൗചാലയ സമുച്ചയം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പാഠം ഒന്ന് ശുചിത്വം | സൗകര്യ പ്രദമായ സ്ഥലത്ത് ശുചിത്വ പൂർണമായ മനോഹരമായ ശൗചാലയം സമുച്ചയം | ദിർഘകാലം 4 വർഷം | എസ്.ആർ.ജി | 3 ലക്ഷം |

## പ്രവർത്തനം - 9
മാലിന്യ സംസ്ക്കരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശുചിത്വമുള്ള അന്തരീക്ഷം ഒരുക്കൽ | ജൈവ മാലിന്യങ്ങളും അജൈവ മാലിന്യങ്ങളും സംസ്ക്കരിക്കാനുള്ള ക്രമീകരണം സൗകര്യ പ്രദമായ സ്ഥലത്ത് ഒരുക്കൽ | മധ്യമകാലം<br>1 വർഷം | എസ്.എം.സി<br>പി.ടി.എ,LSGDC | 50000/- |

## പ്രവർത്തനം -10
കുടിവെള്ള വിതരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശുദ്ധജലം യഥേഷ്ടം ലഭ്യമാക്കൽ | ശുദ്ധജല വിതരണ ശൃഖലയിലെ ജലം, കിണറുകളിലെ ജലം എന്നിവ എല്ലാ ടാങ്കിലും എത്തുന്നതിനുള്ള ക്രമീകരണം ടോയിലറ്റ്, വാഷ്ബെയ്സിൻ, എന്നിവയിലേക്ക് പൈപ്പ് സ്ഥാപിക്കൽ | മധ്യമകാലം<br>1 വർഷം | എസ്.എം.സി<br>പി.ടി.എ,LSGDC | 2 ലക്ഷം<br>ജില്ലാ പഞ്ചായത്ത് |

# മേഖല - സാമൂഹികം

## പ്രവർത്തനം - 1
പൂർവ്വ വിദ്യാർത്ഥി സംഗമങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സമൂഹ പങ്കാളിത്തം ഉറപ്പാക്കൽ | പൂർവ്വ വിദ്യാർത്ഥി സംഗമങ്ങളങ്ങ വിളിച്ചു ചേർക്കൽ വിദ്യാലയത്തിന്റെ ആവശ്യങ്ങൾ അവതരിപ്പിക്കൽ, ഫണ്ട് ശേഖരിക്കൽ കലാ പരിപാടികൾ അവതരിപ്പിക്കൽ | മൂന്നുമാസം<br>ഹ്രസ്വകാലം | SSG | 5000/-<br>പി.ടി.എ<br>സ്പോൺസർഷിപ്പ് |

## പ്രവർത്തനം - 2
ആരോഗ്യ ബോധവത്ക്കരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളുടെ ആരോഗ്യ സംരക്ഷണത്തിന് രക്ഷിതാക്കൾക്ക് ബോധവത്ക്കരണം നൽകി ആരോഗ്യ സംരക്ഷണം ഉറപ്പാക്കൽ | ആരോഗ്യ പ്രവർത്തകരുടെ ക്ലാസ്, വിവിധ രോഗങ്ങൾ വരാതിരിക്കാനും പ്രതിരോധ കുത്തിവെപ്പ്, പകർച്ച വ്യാധികൾ മുൻകരുതൽ എടുക്കൽ, ബോധവത്ക്കരണ ക്ലാസ് | 1 വർഷം<br>മധ്യമകാലം | പി.ടി.എ | |

## പ്രവർത്തനം - 3

### വിദ്യാലയ വികസന സമിതി രൂപീകരിക്കൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സ്ക്കൂൾ പ്രവർത്തനങ്ങൾക്ക് പശ്ചാത്തലമൊരുക്കാനുള്ള കരുത്ത് നൽകൽ | വിദ്യാലയവികസന സമിതി വിളിച്ചു ചേർക്കൽ വിദ്യാലയ വികസനത്തിന് ആവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കൽ | ഹ്യസ്വകാലം | പി.ടി.എ | |

## പ്രവർത്തനം -4

### എസ്.എസ്.ജി രൂപീകരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിദ്യാലയ പ്രവർത്തനങ്ങൾക്ക് സഹായം നൽകൽ പിന്തുണ നൽകൽ | താൽപര്യമുള്ള അംഗങ്ങളെ ഉൾപ്പെടുത്തി എസ്.എസ്.ജി വിളിച്ചു ചേർക്കൽ, വിദ്യാലയ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യൽ | മധ്യമകാലം<br>1 വർഷം | പി.ടി.എ | |

## പ്രവർത്തനം - 5

### PTA, പ്രാദേശിക PTA യോഗങ്ങൾ, കോർണർ PTA,ശക്തിപ്പെടുത്തൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സമൂഹ പങ്കാളിത്തം ഉറപ്പാക്കൽ | വിദ്യാലയത്തിന്റെ പരിസരം വിവിധ മേഖലകളായി തിരിച്ച് രക്ഷിതാക്കൾക്ക് സൗകര്യപ്രദമായ സമയത്ത് പി.ടി.എ യോഗങ്ങൾ ചേരൽ | മധ്യമകാലം<br>1 വർഷം | SSG,<br>SRG | 1000/-<br>പി.ടി.എ |

## പ്രവർത്തനം - 6

### വായനാക്കൂട്ടം, അമ്മ വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിദ്യാലയ വിഭവങ്ങൾ സാമൂഹവുമായി പങ്കിടൽ | വിദ്യാലയ ലൈബ്രറിയിലെ പുസ്തകങ്ങൾ രക്ഷിതാക്കൾ, അമ്മമാർ നാട്ടിലെ വായനാ തൽപ്പരർ എന്നിവർക്ക് നിശ്ചിത വ്യവസ്ഥകൾക്ക് വിധേയമായി വായിക്കുവാൻ നൽകൽ | 1 വർഷം<br>മധ്യമകാലം | ലൈബ്രറി ചാർജുള്ള ടീച്ചർ | 2000/-<br>പി.ടി.എ |

## പ്രവർത്തനം - 7

### പി.ടി.എ/എം.പി.ടി.എ സർഗോത്സവം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അദ്ധ്യാപക രക്ഷാകർതൃ ബന്ധം ശാക്തമാക്കുക | പി.ടി.എ.എം.പി.ടി.എ അദ്ധ്യാപകർ എന്നിവർ സംയുക്തമായി വിവിധ കലാ പരിപാടികൾ കുട്ടികൾക്ക് വേണ്ടി അവതരിപ്പിക്കൽ രക്ഷിതാക്കൾക്ക് സമ്മാനം നൽകൽ | മധ്യമകാലം<br>1 വർഷം | പി.ടി.എ<br>എം.പി.ടി.എ<br>എസ്.ആർ.ജി | 10000/-<br>പി.ടി.എ<br>സ്പോൺസർഷിപ്പ് |

## പ്രവർത്തനം - 8

### ഭവന സന്ദർശനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വായനയുടെ സന്ദേശം സമൂഹത്തിന് കൈമാറൽ രക്ഷിതാക്കളുമായി നല്ല ബന്ധം സ്ഥാപിക്കൽ കുട്ടിയെ അറിയൽ | കുട്ടികൾ അദ്ധ്യാപകർ, പി.ടി.എ കമ്മിറ്റി, അംഗങ്ങൾ എന്നിവരുടെ ചെറു ഗ്രൂപ്പ് മുൻകൂട്ടി വാങ്ങിയ പുസ്തകങ്ങൾ കൈമാറൽ വായിച്ചു വളരുക എന്ന സന്ദേശം പ്രചരിപ്പിക്കൽ കുട്ടിയുടെ ഗൃഹാന്തരീക്ഷം പഠിക്കൽ | മധ്യമകാലം<br>1 വർഷം | സ്റ്റാഫ് കൗൺസിലർ<br>പി.ടി.എ | |

## പ്രവർത്തനം - 9

### ക്ലാസ് ലൈബ്രറി, വായനാ പരിപോഷണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ബാലസാഹിത്യ കൃതികൾ ഫലപ്രദമായി ഉപയോഗിക്കൽ<br><br>വായനയിലൂടെ അറിവു നേടൽ | ക്ലാസ് ലൈബ്രറി ഒരുക്കുന്നു. ഓരോ ക്ലാസിലും നിലവാരത്തിനനുസരിച്ചുള്ള ബാല സാഹിത്യകൃതികൾ ശിശു സൗഹൃദപരമായി കുട്ടികൾക്ക് എളുപ്പത്തിൽ വെയ്ക്കാനും എടുക്കാനും പാകത്തിൽ ഒരുക്കുന്നു. ചുമരിൽ മനോഹരമായ ക്ലാസ്ലൈബ്രറി ഒരുക്കുന്നു. | 1 വർഷം<br>മധ്യമകാലം | പി.ടി.എ | 24000/-<br>സ്പോൺസർഷിപ്പ് |

## പ്രവർത്തനം - 10

### യോഗ പരിശീലനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സ്വഭാവ ശുദ്ധി<br>സ്വയം അച്ചടക്കം<br>ഏകാഗ്രത<br>ഓർമ്മ ശക്തി<br>ഇവ നേടൽ | ആഴ്ചയിൽ ഒരു ദിവസം രാവിലെ 1 മുതൽ 4 വരെ ക്ലാസുകളിലെ മുഴുവൻ കുട്ടികളെയും യോഗയും ധ്യാനവും പരിശീലിപ്പിക്കുന്നു. | 1 വർഷം | പി.ടി.എ | |

## ഉപസംഹാരം

മനുഷ്യനെ മനുഷ്യത്ത്വമുള്ളവനാക്കുന്ന സമഗ്രവും ശാസ്ത്രീയവുമായ സ്ഥായിയായയതുമായ ബദലുകൾ സൃഷ്ടിക്കുന്നതിനുള്ള കർമ്മ പദ്ധതിയാണ് പൊതുവിദ്യാഭ്യാസ യജ്ഞം. കേരളത്തിന്റെ നവോത്ഥാന മൂല്ല്യങ്ങൾ സംരക്ഷിക്കപ്പെടണം എന്നാഗ്രഹിക്കുന്ന ഓരോരുത്തരുടെയും കടമയാണ് ഈ യജ്ഞത്തിൽ പങ്കാളിയാവുക എന്നുള്ളത്. നന്മകളാൽ സമൃദ്ധമായ നമ്മുടെ വിദ്യാലയത്തിന്റെ പൈതൃകവും ഐശ്വര്യവും കാത്തു സൂക്ഷിക്കുന്നതിനും കൂടുതൽ സമ്പുഷ്ടമാക്കുന്നതിനും ഈ വികസന രേഖ ഉപകരിക്കുമെന്ന് സവിനയം പ്രതീക്ഷിക്കുന്നു.